മെഡിക്കൽ കോളേജ് ആശുപത്രി

ശമ്പളമില്ല; താൽക്കാലിക ജീവനക്കാർ പ്രതിസന്ധിയിൽ

കോട്ടയം

മാസങ്ങളായി ശമ്പളമില്ലാത്തതിനെതുടർന്ന് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ താൽക്കാലിക ജീവനക്കാർ കടുത്ത പ്രതിസന്ധിയിൽ. കുടുംബശ്രീ ജില്ലാ മിഷനുകീഴിലുള്ളവരാണ് ഇവർ. ഇവർക്ക് അർഹമായ വേതനം സമയബന്ധിതമായി ലഭിക്കുന്നില്ല. ആശുപത്രിയിൽനിന്ന് ജില്ലാ മിഷനിലേക്ക് തുക കൈമാറുകയും ജില്ലാ മിഷൻ ജീവനക്കാർക്ക് ശമ്പളം നൽകുകയുമായിരുന്നു ഇതുവരെ ചെയ്തിരുന്നത്.

ഇതിനിടെ ജില്ലാ മിഷൻ കോഓർഡിനേറ്റർ ഉൾപ്പെടെയുള്ളവരെ സ്ഥലംമാറ്റത്തിന് പിന്നാലെ ശമ്പളവിതരണം പൂർണമായും നിലച്ചു. ആശുപത്രിയിൽനിന്ന് നേരിട്ട് ജീവനക്കാർക്ക് ശമ്പളം നൽകണമെന്നാണ് ജില്ലാ മിഷന്റെ നിർദേശം. എന്നാൽ ഇങ്ങനെ ശമ്പളം നൽകാനാവില്ലെന്നാണ് ആശുപത്രി സൂപ്രണ്ടിന്റെ നിലപാട്. തർക്കത്തെതുടർന്നാണ് ശമ്പളം മുടങ്ങിയത്. ഇതിനിടയിൽ വേതനവും വെട്ടിക്കുറച്ചു. പ്രതിമാസം ലഭിച്ചിരുന്ന 18,000 രൂപ 15,000മായി കുറച്ചു. എൽഡിഎഫ് സർക്കാരിന്റെ കാലത്ത് ആറുമാസത്തേക്കാണ് കരാർ പുതുക്കിയിരുന്നത്. യുഡിഎഫ് അധികാരമേറ്റതോടെ കരാർ കാലാവധി രണ്ടുമാസമാക്കി. കരാർ പുതുക്കി നൽകാത്തതോടെ പലർക്കും ജോലി നഷ്ടമായി. ഇതോടെ അവശേഷിക്കുന്ന ജീവനക്കാർ അമിത ജോലിഭാരം പേറേണ്ട അവസ്ഥയിലാണ്.

27 മുതൽ പ്രാബല്യത്തിലാക്കണമെന്ന് സുപ്രീംകോടതി

കൗണ്ടറിൽ വിൽക്കുന്ന റെയിൽ ടിക്കറ്റിനും ഇൻഷുറൻസ് പരിരക്ഷ

ന്യൂഡൽഹി

ഓൺലൈനിൽ വാങ്ങുന്ന ടിക്കറ്റിന് സമാനമായി റെയിൽവേ സ്റ്റേഷൻ കൗണ്ടറിൽ വിൽക്കുന്ന റിസർവേഷൻ ടിക്കറ്റുകൾക്കും ഇൻഷുറൻസ് പരിരക്ഷ ബാധകമാക്കി സുപ്രീംകോടതി ഉത്തരവ്. ഒക്ടോബർ 27 മുതൽ പ്രാബല്യത്തിലാക്കണമെന്നും ഉത്തരവ് പാലിച്ചില്ലെങ്കിൽ റെയിൽവേ ബോർഡ് ചെയർമാൻ, അംഗങ്ങൾ എന്നിവരെ വ്യക്തിപരമായി ഉത്തരവാദികളാക്കി നടപടിയെടുക്കുമെന്നും ജസ്റ്റിസുമാരായ അഹ്സനുദ്ദീൻ അമാനുല്ല, ആർ മഹാദേവൻ എന്നിവരുടെ ഉത്തരവിൽ പറഞ്ഞു.

ചെയർമാനും അംഗങ്ങളും നവംബർ 16ന് കോടതിയിൽ നേരിട്ട് ഹാജരാകണം. സമൂഹത്തിലെ ഏറ്റവും താഴ്ന്ന വിഭാഗത്തിൽപ്പെട്ടവരാണ് കൗണ്ടറുകളിൽ നിന്ന് ടിക്കറ്റെടുക്കുന്നതെന്നും അവർക്ക് പരിരക്ഷ നൽകുന്നതിന് ചട്ടക്കൂട് നിർമിക്കാനുമാണ് കോടതി റെയിൽവേയോട് ആവശ്യപ്പെട്ടത്. എന്നാൽ ഇതിനോട് പ്രതികരിക്കാൻ റെയിൽവേ തയ്യാറായില്ല. തുടർന്ന് മറുപടിക്ക് കാത്തുനിൽക്കാതെ ഉത്തരവ് പുറപ്പെടുവിക്കുകയായിരുന്നു.

വോട്ടെണ്ണലിന്റെ വീഡിയോ കാണുന്നില്ലെന്ന് തെരഞ്ഞെടുപ്പ് കമീഷൻ

മുട്ടുന്യായം അംഗീകരിക്കില്ലെന്ന് സുപ്രീംകോടതി

ന്യൂഡൽഹി

2023ൽ നടന്ന കർണാടകയിലെ ശൃംഗേരി നിയോജകമണ്ഡലത്തിലെ തെരഞ്ഞെടുപ്പ് വോട്ടെണ്ണലിന്റെ വീഡിയോ ദൃശ്യങ്ങൾ കണ്ടെടുക്കാനാകുന്നില്ലെന്ന തെരഞ്ഞെടുപ്പ് കമീഷന്റെ വാദത്തെ രൂക്ഷമായി വിമർശിച്ച് സുപ്രീംകോടതി. മുടന്തൻ ന്യായം അംഗീകരിക്കില്ലെന്നും ദൃശ്യങ്ങൾ ഹാജരാക്കണമെന്നും ജസ്റ്റിസുമാരായ സഞ്ജയ് കുമാറും സഞ്ജീവ് സച്ച്ദേവയും അടങ്ങിയ ബെഞ്ച് ഉത്തരവിട്ടു.

തെരഞ്ഞെടുപ്പിൽ കോൺഗ്രസ് നേതാവ് ടി ഡി രാജഗൗഡ 201 വോട്ടുകൾക്ക് ജയിച്ചുവെങ്കിലും ബിജെപി സ്ഥാനാർഥിയായ ഡി എൻ ജീവരാജ് കർണാടക ഹൈക്കോടതിയിൽ ഹർജി നൽകിയതിനെ തുടർന്ന് പോസ്റ്റൽ വോട്ടുകൾ വീണ്ടും എണ്ണി. ഇതിനുശേഷം ജീവരാജ് 52 വോട്ടിന് വിജയിച്ചതായി കമീഷൻ പ്രഖ്യാപിക്കുകയായിരുന്നു. ഇതിനെതിരെയാണ് രാജഗൗഡ സുപ്രീംകോടതിയിൽ അപ്പീൽ നൽകിയത്. അപ്പീൽ പരിഗണിച്ച് രാജഗൗഡയുടെ എംഎൽഎ സ്ഥാനം താൽക്കാലികമായി സുപ്രീംകോടതി പുനഃസ്ഥാപിച്ചിരുന്നു.

കേസ് പരിഗണിച്ച ബുധനാഴ്ചയാണ് ദൃശ്യങ്ങൾ കാണുന്നില്ലെന്ന് കമീഷൻ വാദിച്ചത്. ഒരു രേഖ നഷ്ടപ്പെട്ടുവെന്ന് എങ്ങനെ പറയാൻ കഴിയും. തെരഞ്ഞെടുപ്പ് നടത്തുകയാണ് നിങ്ങളുടെ ജോലി. അതിന് രേഖയുണ്ടായിരിക്കണം. 2027 ഫെബ്രുവരി 15ന് മുമ്പ് ആ ദൃശ്യങ്ങൾ ഹാജരാക്കിയിരിക്കണം. ഒരു മുടന്തൻ ന്യായവും ഞങ്ങൾ അംഗീകരിക്കില്ല–കോടതി വ്യക്തമാക്കി.

കെഎസ്ആർടിസി ഡോർ ടു ഡോർ കൊറിയർ: സഹകരണ സംഘങ്ങൾക്ക് പങ്കാളികളാകാം

തിരുവനന്തപുരം

കെഎസ്ആർടിസി നടപ്പാക്കുന്ന ഡോർ ടു ഡോർ കൊറിയർ സേവനത്തിനായി സഹകരണ സംഘങ്ങളിൽനിന്ന് താൽപ്പര്യപത്രം ക്ഷണിച്ചു. ഉപഭോക്താക്കളുടെ വീടുകളിൽനിന്ന് പാഴ്സലുകൾ ശേഖരിച്ച് കെഎസ്ആർടിസി കൗണ്ടറുകളിൽ എത്തിക്കാനും കൗണ്ടറുകളിൽ എത്തുന്ന പാഴ്സലുകൾ വീടുകളിൽ വിതരണം ചെയ്യാനുമാണിത്. ആവശ്യമായ ജീവനക്കാർ, പ്രാദേശികസാന്നിധ്യം, അടിസ്ഥാനസൗകര്യങ്ങൾ, സാമ്പത്തിക സംഘടനാ ശേഷി എന്നിവയുള്ളതും നിയമപരമായി രജിസ്റ്റർ ചെയ്തതുമായ സഹകരണ സംഘങ്ങൾക്ക് അപേക്ഷിക്കാം. കെഎസ്ആർടിസി നിശ്ചയിക്കുന്ന മേഖലകളിൽ സേവനം നൽകാൻ അർഹതയുള്ള ഒന്നോ അതിലധികമോ സംഘങ്ങളെ തെരഞ്ഞെടുക്കും. അവസാനതീയതി 22. കെഎസ്ആർടിസി ആസ്ഥാനത്ത് നേരിട്ടോ estate@kerala.gov.in എന്ന ഇ–മെയിൽ വഴിയോ അപേക്ഷിക്കാം. ഫോൺ: 0471–2471011, 94959 03813.

ഗൾഫിലെ സംഘർഷസാഹചര്യം: നോർക്ക ഹെൽപ് ഡെസ്ക്

തിരുവനന്തപുരം

ഗൾഫ് മേഖലയിൽ സംഘർഷസാഹചര്യം തുടരുന്ന പശ്ചാത്തലത്തിൽ സൗദി അറേബ്യയിലെ മലയാളി പ്രവാസികൾക്കും കുടുംബാംഗങ്ങൾക്കും അടിയന്തരസഹായവും സേവനങ്ങളും വിവരങ്ങളും ലഭ്യമാക്കാൻ നോർക്ക ഹെൽപ് ഡെസ്ക് ആരംഭിച്ചു. നോർക്ക ഗ്ലോബൽ കോണ്ടാക്ട് സെന്ററിന്റെ 18004253939 (ടോൾഫ്രീ നമ്പർ), +91 8802012345 (വിദേശത്തുനിന്ന് മിസ്ഡ് കോൾ) എന്നീ നമ്പരുകളിൽ ബന്ധപ്പെടാം. പ്രവർത്തനങ്ങളുടെ ഏകോപനത്തിന് ഡൽഹി എൻആർകെ ഡെവലപ്മെന്റ് ഓഫീസറെയും ചുമതലപ്പെടുത്തി. സൗദി അറേബ്യയിലെ ഇന്ത്യൻ പൗരന്മാർക്കായി റിയാദിലെ ഇന്ത്യൻ എംബസിയിലും ജിദ്ദയിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ ഓഫീസിലും 24 മണിക്കൂർ കൺട്രോൾ റൂമുകൾ പ്രവർത്തിപ്പിക്കും. വിമാനസർവീസുകൾ, യാത്രാതടസ്സങ്ങൾ, അടിയന്തരസഹായം എന്നിവ സംബന്ധിച്ച പുതിയ വിവരങ്ങൾക്കായി എംബസിയുടെയും കോൺസുലേറ്റിന്റെയും ഔദ്യോഗിക സമൂഹമാധ്യമ അക്കൗണ്ടുകളും വെബ്സൈറ്റുകളും പിന്തുടരാം.

അരവണ ഉൽപ്പാദനം 3.65 ലക്ഷം ടിന്നാകും

ശബരിമല

മാസപൂജയോടനുബന്ധിച്ച് ശബരിമലയിൽ അരവണ നിർമാണം ആരംഭിച്ചു. നിലവിൽ ഒന്നര ലക്ഷം ടിൻ അരവണയാണ് പ്രതിദിന ഉൽപ്പാദനം. 20നു ശേഷം പ്ലാന്റ് പൂർണശേഷി കൈവരിക്കുന്നതോടെ ദിവസം 3.25 മുതൽ 3.65 വരെ ലക്ഷം ടിൻ അരവണ ഉൽപ്പാദിപ്പിക്കാം. പ്ലാന്റിന്റെ ശേഷി വർധിപ്പിക്കുന്നതിനായി നിർമാണ പ്രവൃത്തികൾ ഒരുമാസമായി നടക്കുകയായിരുന്നു. അരവണ നിർമാണത്തിന് 15,000 കിലോ ഉണക്കലരി കഴിഞ്ഞദിവസം പമ്പയിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധനയ്ക്കുശേഷം സന്നിധാനത്ത് എത്തിച്ചിരുന്നു.

സെക്രട്ടറിയറ്റിലേക്ക് സ്വകാര്യ ബസ് ഉടമകളുടെ മാർച്ച്

തിരുവനന്തപുരം

സ്വകാര്യ ബസ് വ്യവസായത്തെയും തൊഴിലാളികളെയും വഴിയാധാരമാക്കുന്ന സർക്കാർ നയങ്ങൾക്കെതിരെ സ്വകാര്യ ബസുടമകളും കുടുംബാംഗങ്ങളും സെക്രട്ടറിയറ്റിലേക്ക് പ്രതിഷേധ മാർച്ചും ധർണയും സംഘടിപ്പിച്ചു. പ്രിയദർശിനി സൗജന്യ യാത്രാപദ്ധതി നടപ്പാക്കിയ റൂട്ടുകളിൽ സ്വകാര്യ ബസുകളുടെ വരുമാനം നിലച്ച അവസ്ഥയാണ്. സ്വകാര്യ ബസുകൾ വാടകയ്ക്കെടുത്ത് സർവീസ് നടത്താമെന്ന വിദഗ്ധസമിതി ശുപാർശപോലും സർക്കാർ നടപ്പാക്കുന്നില്ലെന്നും പ്രതിഷേധക്കാർ ആരോപിച്ചു.

വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര ഉദ്ഘാടനം ചെയ്തു. കേരള സ്റ്റേറ്റ് പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് ഫെഡറേഷൻ പ്രസിഡന്റ് കെ കെ തോമസ്, ജനറൽ സെക്രട്ടറി ഹംസ എരിക്കുന്നൻ, ട്രഷറർ എം എസ് പ്രേംകുമാർ, സി മനോജ് കുമാർ എന്നിവർ സംസാരിച്ചു.

പ്രിയദർശിനി പദ്ധതി കാരണം തകർന്ന
സ്വകാര്യ ബസ് വ്യവസായത്തെ സംരക്ഷിക്കുക
ബസ് ഓപ്പറേറ്റേഴ്സ് ഫെഡറേഷൻ

സ്വകാര്യ ബസ് വ്യവസായത്തെ സംരക്ഷിക്കുക എന്ന ആവശ്യം ഉന്നയിച്ച് ബസ് ഓപ്പറേറ്റേഴ്സ് ഫെഡറേഷൻ നടത്തിയ സെക്രട്ടറിയറ്റ് ധർണ വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര ഉദ്ഘാടനം ചെയ്യുന്നു

KERALA BANK
Kerala State Co-operative Bank

കേരള സംസ്ഥാന സഹകരണ ബാങ്ക്
റീജിയണൽ ഓഫീസ്, സഹകരണ ശതാബ്ദി മന്ദിരം, കോവിലകത്തുംപാടം പി. ഒ, തിരുവമ്പാടി,
തൃശൂർ-680 022, ഫോൺ: 0487-2325700, ഇ – മെയിൽ: tsrro@keralabank.co.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപന പരസ്യം (Under Rule 8(6) of the security interest (Enforcement) Rules -2002) SARFAESI ACT 2002

താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള വ്യക്തികൾ ബാങ്കിൽ വായ്പകളുടെ ഈടായി നൽകിയിട്ടുള്ളതും സെക്ഷൻ 13(4) സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 & സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 പ്രകാരം ബാങ്കിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ എന്ന നിലയിൽ നിയമാനുസൃതം കൈവശപ്പെടുത്തിയതുമായ താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള സ്ഥാവര വസ്തു വഹകൾ, ബാങ്കിന് ലഭിക്കേണ്ട സംഖ്യയും പലിശയും മറ്റു ചെലവുകളും വസൂലാക്കുന്നതിലേക്ക് 2002 ലെ സർഫേസി നിയമം റൂൾ 8(6) പ്രകാരം നിലവിലുള്ള സ്ഥിതിയിൽ അതായത് **'എവിടെയാണോ'**, **'എങ്ങനെയാണോ'**, **'എന്താണോ ഉള്ളത്'** എന്ന നിലയിൽ **17-11-2026** തീയതിയിൽ രാവിലെ **11.00** മണിക്ക് എറണാകുളം സി.പി.സി. കാക്കനാട് ഓഫീസിൽ വച്ച് പൊതുലേല വിൽപന നടത്തുന്നതാണെന്ന വിവരം വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകിച്ചു പൊതുജനങ്ങളെ പൊതുവായും അറിയിക്കുന്നു.

ക്രമ നമ്പർ	വായ്പക്കാരുടെ/ജാമ്യക്കാരുടെ പേരും മേൽവിലാസവും	ശാഖയും വായ്പാ നമ്പരും	ഈടാക്കാനുള്ള തുക	കരുതൽ വില	നിരതദ്രവ്യം	ഈട് വസ്തുക്കളെ സംബന്ധിച്ച വിവരം
1.	വായ്പക്കാരൻ **ശ്രീ. ജോൺ കെ സി**, കുഴിക്കാട്ടിൽ (ആരാൻകുന്നേൽ), തിരുമാറാടി പി ഒ, പിൻ - 682319 ജാമ്യക്കാരൻ **ശ്രീ ജോഷിൻ ആന്റണി**, കുരിശുങ്കൽ, പിറവം പി ഒ, പിൻ - 686664	**രാമമംഗലം** 145060322000492	01-10-2026 ലെ **40,53,716/-** രൂപയും തുടർന്ന് 02-10-2026 മുതലുള്ള പലിശയും മറ്റു ചെലവുകളും	രൂപ **11,60,000/-**	രൂപ **1,16,000/-**	പിറവം SRO യിലെ 2538/2013 ആധാരപ്രകാരം ജോൺ കെ സി പേരിലുള്ള എറണാകുളം ജില്ല മൂവാറ്റുപുഴ താലൂക്ക് രാമമംഗലം വില്ലേജ് സർവ്വേ നമ്പർ 488/10B ൽ ഉൾപ്പെട്ട 11.73 ആർ വസ്തുവും ആയതിലെ സകലവിധ ആദായങ്ങളും. **നാലതിരുകൾ: കിഴക്ക്**: പുഞ്ചപ്പാടം; **വടക്ക്**: അജിത്കുമാർ വക വസ്തു; **പടിഞ്ഞാറ്**: മോഹനൻ വക വസ്തു; **തെക്ക്**: [illegible] വക വസ്തു. അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ വസ്തുവഹകളെ സംബന്ധിച്ച ബാധ്യത സർട്ടിഫിക്കറ്റ്/കോടതി വിധികളിൽ ഉള്ള ബാധ്യതകൾ: 31-10-2025 തീയതി വരെയുള്ള കുടിക്കട സർട്ടിഫിക്കറ്റിൽ മറ്റു ബാധ്യതകൾ കാണുവാൻ കഴിഞ്ഞിട്ടില്ലാത്തതാണ്.
2.	വായ്പക്കാരായ **ശ്രീമതി ലീലാമ്മ കുര്യൻ**, കളപ്പുരയിൽ വീട്, കിഴകൊമ്പ് പി ഒ, കൂത്താട്ടുകുളം പിൻ - 686 662. ജാമ്യക്കാരായ 1. **ശ്രീ കുര്യൻ പി ഐ**, കളപ്പുരയിൽ വീട്, കിഴകൊമ്പ് പി ഒ, കൂത്താട്ടുകുളം, പിൻ - 686 662	**കൂത്താട്ടുകുളം** 141960454200464	25-09-2026 ലെ **9,70,007/-** രൂപയും തുടർന്ന് 26-09-2026 മുതലുള്ള പലിശയും മറ്റു ചെലവുകളും	രൂപ **12,00,000/-**	രൂപ **1,20,000/-**	കൂത്താട്ടുകുളം SRO യിലെ 2222/2010 ആധാരപ്രകാരം കുര്യൻ പി ഐ പേരിലുള്ള എറണാകുളം ജില്ല മൂവാറ്റുപുഴ താലൂക്ക് കൂത്താട്ടുകുളം വില്ലേജ് സർവ്വേ നമ്പർ 711/5-5 ൽ ഉൾപ്പെട്ട 8.09 ആർ വസ്തുവും ആയതിലെ സകലവിധ ആദായങ്ങളും. **നാലതിരുകൾ: കിഴക്ക്**: കളപ്പുരയിൽ ജോൺ വക സ്ഥലം; വടക്ക്: റോഡ്; **പടിഞ്ഞാറ്**: ലീല ഫിലിപ്പ് വക സ്ഥലം; **തെക്ക്**: പൂച്ചക്കാട്ടിൽ സുകുമാരൻ വക സ്ഥലം. അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ വസ്തുവഹകളെ സംബന്ധിച്ച ബാധ്യത സർട്ടിഫിക്കറ്റ്/കോടതി വിധികളിൽ ഉള്ള ബാധ്യതകൾ: 01.02.2026 തീയതി വരെയുള്ള കുടിക്കട സർട്ടിഫിക്കറ്റിൽ മറ്റു ബാധ്യതകൾ കാണുവാൻ കഴിഞ്ഞിട്ടില്ലാത്തതാണ്.
3.	വായ്പക്കാരി **ശ്രീമതി സുഹറ അസീസ്**, W/o അബ്ദുൽ അസീസ്, പിരപ്പിള്ളിക്കുടി ഹൗസ്, ചേലക്കുളം, വെങ്ങോല പി ഒ, പിൻ - 683556 ജാമ്യക്കാരൻ **ശ്രീ. അബ്ദുൽ അസീസ് പി. എച്ച്**, പിരപ്പിള്ളിക്കുടി ഹൗസ്, ചേലക്കുളം, വെങ്ങോല പി ഒ, പിൻ - 683556	**എറണാകുളം മാർക്കറ്റ് റോഡ്** 100960358000934	05-10-2026 ലെ **16,63,534/-** രൂപയും തുടർന്ന് 06-10-2026 മുതലുള്ള പലിശയും മറ്റു ചെലവുകളും	രൂപ **34,01,000/-**	രൂപ **3,40,100/-**	പുത്തൻകുരിശ് SRO യിലെ 3197/2009 ആധാരപ്രകാരം അബ്ദുൽ അസീസ് പേരിലുള്ള എറണാകുളം ജില്ല കുന്നത്തുനാട് താലൂക്ക് പട്ടിമറ്റം വില്ലേജ് സർവ്വേ നമ്പർ 541/7 റീസർവ്വേ നമ്പർ 545-10 ൽ ഉൾപ്പെട്ട 4.05 ആർ വസ്തുവും ആയതിലെ സകലവിധ ആദായങ്ങളും. **നാലതിരുകൾ: കിഴക്ക്**: നടപ്പുവഴി; **വടക്ക്**: നടപ്പുവഴി; **പടിഞ്ഞാറ്**: [illegible] വക വസ്തു; **തെക്ക്**: അബ്ദുൽ അസീസ് വക വസ്തു. അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ വസ്തുവഹകളെ സംബന്ധിച്ച ബാധ്യത സർട്ടിഫിക്കറ്റ്/കോടതി വിധികളിൽ ഉള്ള ബാധ്യതകൾ: 06.11.2025 തീയതി വരെയുള്ള കുടിക്കട സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ 23/03/2024 തീയതിയിൽ എൻട്രി കാണുന്നു.
4.	വായ്പക്കാരായ **ശ്രീ. പ്രമോദ് ടി ബി**, S/o ബാലകൃഷ്ണൻ, തറേപ്പാടത്ത് ഹൗസ്, പള്ളുരുത്തി, ഇടക്കൊച്ചി, കൊച്ചി - 682 006 ജാമ്യക്കാരായ **ശ്രീ. സുരേഷ് പി ബേബി**, S/o ബേബി, പള്ളിത്താഴത്ത് ഹൗസ്, പിറവം പി ഒ, പിൻ - 686664	**രാമമംഗലം** 145060322000519	25-09-2026 ലെ **94,23,705/-** രൂപയും തുടർന്ന് 26-09-2026 മുതലുള്ള പലിശയും മറ്റു ചെലവുകളും	രൂപ **17,28,000/-**	രൂപ **1,72,800/-**	പിറവം SRO യിലെ 1368/1/2014 ആധാരപ്രകാരം പ്രമോദ് ടി ബി പേരിലുള്ള എറണാകുളം ജില്ല മൂവാറ്റുപുഴ താലൂക്ക് [illegible] വില്ലേജ് സർവ്വേ നമ്പർ 303/7 ൽ ഉൾപ്പെട്ട 19.42 ആർ വസ്തുവും ആയതിലെ സകലവിധ ആദായങ്ങളും. **നാലതിരുകൾ: കിഴക്ക്**: [illegible]; **വടക്ക്**: [illegible] റോഡ്; **പടിഞ്ഞാറ്**: ബാലകൃഷ്ണൻ വായ്പ വക സ്ഥലം; **തെക്ക്**: [illegible] വഴി. അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ വസ്തുവഹകളെ സംബന്ധിച്ച ബാധ്യത സർട്ടിഫിക്കറ്റ്/കോടതി വിധികളിൽ ഉള്ള ബാധ്യതകൾ: 01.06.2026 തീയതി വരെയുള്ള കുടിക്കട സർട്ടിഫിക്കറ്റിൽ മറ്റു ബാധ്യതകൾ കാണുവാൻ കഴിഞ്ഞിട്ടില്ലാത്തതാണ്.
5.	വായ്പക്കാരായ **ശ്രീ. ജോബി ബേബി** S/o ബേബി, ഇല്ലംതോട്ടത്തിൽ വീട്, പിറവം പി ഒ, രാമമംഗലം, പിൻ - 686 664 ജാമ്യക്കാരായ 1. **ശ്രീ ബേബി ഇ എം**, ഇല്ലംതോട്ടത്തിൽ വീട്, പിറവം പി ഒ, രാമമംഗലം, പിൻ - 686 664 2. **ശ്രീ ജോസഫ് പീറ്റർ**, [illegible], മുളക്കുളം നോർത്ത് പി ഒ, പിറവം, മൂവാറ്റുപുഴ, പിൻ - 686 664	**രാമമംഗലം** 145060322000523	01-10-2026 ലെ **71,50,507/-** രൂപയും തുടർന്ന് 02-10-2026 മുതലുള്ള പലിശയും മറ്റു ചെലവുകളും	രൂപ **12,60,000/-**	രൂപ **1,26,000/-**	[illegible]
6.	വായ്പക്കാരായ **ശ്രീ തോമസ് എൻ എസ്** (സ്കറിയ തോമസ്), നിരപ്പേൽ ഹൗസ്, ഇടയാർ പി ഒ, കൂത്താട്ടുകുളം പിൻ - 686662. ജാമ്യക്കാരായ 1. **ശ്രീമതി മേരി സ്കറിയ**, നിരപ്പേൽ ഹൗസ്, ഇടയാർ പി ഒ, കൂത്താട്ടുകുളം പിൻ - 686662 2. **ശ്രീ സന്തോഷ് പി പി**, പുറത്തേൽ ഹൗസ്, ഇടയാർ പി ഒ, കൂത്താട്ടുകുളം പിൻ - 686662	**കൂത്താട്ടുകുളം** 141960356003026	25-09-2026 ലെ **9,58,762/-** രൂപയും തുടർന്ന് 26-09-2026 മുതലുള്ള പലിശയും മറ്റു ചെലവുകളും	രൂപ **7,04,000/-**	രൂപ **70,400/-**	[illegible]
7.	വായ്പക്കാരൻ **ശ്രീ. അജിത്ത് പി ജി**, പുത്തൻപുരയിൽ വീട്, മംഗലത്തുതാഴം, കൂത്താട്ടുകുളം പി ഒ, പിൻ - 686662 ജാമ്യക്കാരായ 1. **ശ്രീ ജിജി വർഗീസ്**, പുത്തൻപുരയിൽ വീട്, മംഗലത്തുതാഴം, കൂത്താട്ടുകുളം പി ഒ, പിൻ - 686662 2. **ശ്രീമതി സിനി എൽദോസ്**, [illegible] വീട്, [illegible] പി ഒ, [illegible], മൂവാറ്റുപുഴ, പിൻ - 686673. 3. **ശ്രീ. വർഗീസ് സി വി**, ചാലിക്കൽപുത്തൻപുര വീട്, പെരിയപ്പുറം പി ഒ, പാമ്പാക്കുട പിൻ - 686667 4. **ശ്രീ. ഗോപാലൻ പി**, പുത്തൻപുരയിൽ വീട്, കൂത്താട്ടുകുളം പി ഒ, പിൻ - 686662	**കൂത്താട്ടുകുളം** 141964362000192	25-09-2026 ലെ **86,42,971/-** രൂപയും തുടർന്ന് 26-09-2026 മുതലുള്ള പലിശയും മറ്റു ചെലവുകളും	രൂപ **12,60,000/-**	രൂപ **1,26,000/-**	[illegible]
8.	വായ്പക്കാരൻ **ശ്രീ സുകു പി.എൻ**, പഴേരിക്കൽ, മരട്, കുമാരനാശാൻ റോഡ്, മരട് പി.ഒ, പിൻ - 682304 ജാമ്യക്കാരായ 1. **ശ്രീമതി മീനാക്ഷി**, പഴേരിക്കൽ, മരട്, കുമാരനാശാൻ റോഡ്, മരട് പി.ഒ, പിൻ - 682304. 2. **ശ്രീ ബിനു പോൾ**, [illegible], എരുമേലിക്കര, എരുമേലി പി.ഒ, കുന്നത്തുനാട്, പിൻ - 683565 3. **ശ്രീമതി ശ്രീജ വി. എൻ**, പഴേരിക്കൽ, മരട്, കുമാരനാശാൻ റോഡ്, മരട് പി.ഒ, പിൻ - 682304	**പുത്തോട്ട** 144860358001585	23-09-2026 ലെ **33,71,890/-** രൂപയും തുടർന്ന് 24-09-2026 മുതലുള്ള പലിശയും മറ്റു ചെലവുകളും	രൂപ **45,85,200/-**	രൂപ **4,58,520/-**	[illegible]
9.	വായ്പക്കാരായ **ശ്രീ. ഷിബു എം**, ചാരുവിള പുത്തൻവീട്, മാലിത്താഴം പി.ഒ, എറണാകുളം, പിൻ - 682315 ജാമ്യക്കാരായ 1. **ശ്രീമതി സുനിത ഷിബു**, ചാരുവിള പുത്തൻവീട്, മാലിത്താഴം പി.ഒ, എറണാകുളം, പിൻ - 682315. 2. **ശ്രീ മണി രാജൻ**, ചാരുവിളപുത്തൻവീട്, മാലിത്താഴം പി.ഒ, എറണാകുളം, പിൻ - 682315	**പുത്തോട്ട** 144860358001246	07-10-2026 ലെ **6,15,209/-** രൂപയും തുടർന്ന് 08-10-2026 മുതലുള്ള പലിശയും മറ്റു ചെലവുകളും	രൂപ **30,21,000/-**	രൂപ **3,02,100/-**	[illegible]
10.	വായ്പക്കാരായ **ശ്രീ. ഐസക് പി ഐ**, പറമ്പത്തുപുത്തൻപുരയിൽ വീട്, കിഴകൊമ്പ് പി ഒ, കൂത്താട്ടുകുളം, പിൻ - 686662 ജാമ്യക്കാരായ 1. **ശ്രീ തോമസ് എം ജെ**, മാങ്കൂട്ടത്തിൽ വീട്, കിഴകൊമ്പ് പി ഒ, കൂത്താട്ടുകുളം, പിൻ - 686662 2. **ശ്രീമതി എലിയാമ്മ ഐസക്**, പറമ്പത്തുപുത്തൻപുരയിൽ വീട്, കിഴകൊമ്പ് പി ഒ, കൂത്താട്ടുകുളം, പിൻ - 686662	**കൂത്താട്ടുകുളം** 141964362000032 141964362000225	25-09-2026 ലെ **27,50,528/-, 8,60,622/-** രൂപയും തുടർന്ന് 26-09-2026 മുതലുള്ള പലിശയും മറ്റു ചെലവുകളും	രൂപ **14,59,800/-**	രൂപ **1,45,980/-**	[illegible]
11.	വായ്പക്കാരായ **ശ്രീ. സാബു വി വർഗീസ്**, S/o വർഗീസ്, വരിക്കോലിൽ ഹൗസ്, മുളക്കുളം നോർത്ത് പി ഒ, പിറവം, പിൻ - 686664 ജാമ്യക്കാരായ 1. **ശ്രീ ബാബു പി എം**, S/o [illegible], [illegible] ഹൗസ്, ഓണക്കൂർ പി ഒ, പാമ്പാക്കുട, പിൻ - 686667 2. **ശ്രീമതി റോസമ്മ സാബു**, W/o സാബു വി വർഗീസ്, വരിക്കോലിൽ ഹൗസ്, മുളക്കുളം നോർത്ത് പി ഒ, പിറവം, പിൻ - 686667	**രാമമംഗലം** 145060322000558	25-09-2026 ലെ **61,44,851/-** രൂപയും തുടർന്ന് 26-09-2026 മുതലുള്ള പലിശയും മറ്റു ചെലവുകളും	രൂപ **23,83,000/-**	രൂപ **2,38,300/-**	[illegible]
12.	വായ്പക്കാരായ **ശ്രീ ജെയ്സൺ കെ എ**, കോണാട്ടുമൂലയിൽ ഹൗസ്, കക്കാട് പി.ഒ, പിറവം, പിൻ - 686 664. ജാമ്യക്കാരായ 1. **ശ്രീ അജി ഇ എ**, S/o [illegible], ഇല്ലിച്ചുവട്ടിൽ ഹൗസ്, കക്കാട് പി ഒ, പിറവം, പിൻ - 686 664. 2. **ശ്രീ. എലിയാസ്** [illegible], കോണാട്ടുമൂലയിൽ ഹൗസ്, കക്കാട് പി ഒ, പിറവം, പിൻ - 686 664	**രാമമംഗലം** 145060322000563	01-10-2026 ലെ **15,46,428/-** രൂപയും തുടർന്ന് 02-10-2026 മുതലുള്ള പലിശയും മറ്റു ചെലവുകളും	രൂപ **4,25,000/-**	രൂപ **42,500/-**	[illegible]
13.	വായ്പക്കാരൻ **ശ്രീ. ഷെബിൻ പി എസ്**, പണിക്കശ്ശേരി ഹൗസ്, സ്റ്റേഷൻ കടവ്, പുത്തൻവേലിക്കര പി ഒ, പിൻ - 683594 ജാമ്യക്കാരായ 1. **ശ്രീ. ഗോപാലകൃഷ്ണൻ എ കെ**, S/o കുമാരൻ, [illegible] വീട്, സ്റ്റേഷൻ കടവ്, പുത്തൻവേലിക്കര പി ഒ, പിൻ - 683594 2. **ശ്രീ ശശാങ്കൻ**, S/o [illegible], പണിക്കശ്ശേരി ഹൗസ്, സ്റ്റേഷൻ കടവ്, പുത്തൻവേലിക്കര പി ഒ, പിൻ - 683594 3. **ശ്രീ ഷൈബു പി എസ്**, S/o ശശാങ്കൻ, പണിക്കശ്ശേരി ഹൗസ്, സ്റ്റേഷൻ കടവ്, പുത്തൻവേലിക്കര പി ഒ, പിൻ - 683594	**പുത്തൻവേലിക്കര** 144960357000494	05-10-2026 ലെ **12,19,743/-** രൂപയും തുടർന്ന് 06-10-2026 മുതലുള്ള പലിശയും മറ്റു ചെലവുകളും	രൂപ **5,58,000/-**	രൂപ **55,800/-**	[illegible]
14.	വായ്പക്കാരൻ **ശ്രീ. ഷാജോൺ വി എസ്** S/o ഷാജി, വട്ടവയലിൽ വീട്, കാർത്തികേയൻ റോഡ്, തത്തപ്പിള്ളി പി ഒ, പിൻ - 683520 ജാമ്യക്കാരായ 1. **ശ്രീ സുനിൽ കുമാർ വി കെ @ സുനിൽ**, [illegible], തത്തപ്പിള്ളി പി ഒ, പിൻ - 683520 2. **ശ്രീമതി ഷൈജ**, W/o ഷാജി വട്ടവയലിൽ വീട്, കാർത്തികേയൻ റോഡ്, തത്തപ്പിള്ളി പി ഒ, പി ൻ - 683520 3. **ശ്രീമതി. വിലാസിനി** W/o കുമാരൻ, വട്ടവയലിൽ വീട്, കാർത്തികേയൻ റോഡ്, തത്തപ്പിള്ളി പി ഒ, പിൻ - 683520	**നോർത്ത് പറവൂർ ഈവനിംഗ്** 143860356002871	05-10-2026 ലെ **27,28,083/-** രൂപയും തുടർന്ന് 06-10-2026 മുതലുള്ള പലിശയും മറ്റു ചെലവുകളും	രൂപ **21,19,000/-**	രൂപ **2,11,900/-**	[illegible]
15.	വായ്പക്കാരായ **ശ്രീമതി . ബിജി മത്തായി**, പണ്ടാരത്തുംകുടി ഹൗസ്, വെള്ളപ്പാറ, തലക്കോട് പി ഒ, പിൻ - 686693 ജാമ്യക്കാരായ 1. **ശ്രീ മത്തായി പി എം**, പണ്ടാരത്തുംകുടി ഹൗസ്, വെള്ളപ്പാറ, തലക്കോട് പി ഒ, പിൻ - 686693 2. **ശ്രീ കുര്യാക്കോസ് കെ ജി**, [illegible] ഹൗസ്, [illegible] പി ഒ, കുട്ടമ്പുഴ, കോതമംഗലം, പിൻ - 686691 3. **ശ്രീ ബേസിൽ മാത്യൂസ്**, പണ്ടാരത്തുംകുടി ഹൗസ്, വെള്ളപ്പാറ, തലക്കോട് പി ഒ, പിൻ - 686693	**നെല്ലിമംഗലം** 143660356000635	05-10-2026 ലെ **16,36,739/-** രൂപയും തുടർന്ന് 06-10-2026 മുതലുള്ള പലിശയും മറ്റു ചെലവുകളും	രൂപ **6,95,000/-**	രൂപ **69,500/-**	[illegible]
16.	വായ്പക്കാരനായ **ശ്രീ ജോസഫ് കെ.ടി**, കാട്ടിത്തറ ഹൗസ്, ഉദയംപേരൂർ, ചെമ്പൂരുത്തി റോഡ്, ഉദയംപേരൂർ, പിൻ - 682307 ജാമ്യക്കാരായ 1. **ശ്രീമതി എൽസി ജോസഫ്**, കാട്ടിത്തറ ഹൗസ്, ഉദയംപേരൂർ, ചെമ്പൂരുത്തി റോഡ്, ഉദയംപേരൂർ, പിൻ - 682307 2. **ശ്രീമതി മഞ്ജു ജോസഫ്**, കാട്ടിത്തറ ഹൗസ്, ഉദയംപേരൂർ, ചെമ്പൂരുത്തി റോഡ്, ഉദയംപേരൂർ, പിൻ - 682307 3. **ശ്രീ ജോമോൻ ആർ.ജെ**, [illegible] കുഴിയിൽ, ഉദയംപേരൂർ, വലിയകുളം, പിൻ - 682307	**പുത്തോട്ട** 144860334000032	23-09-2026 ലെ **36,44,331.32** രൂപയും തുടർന്ന് 24-09-2026 മുതലുള്ള പലിശയും മറ്റു ചെലവുകളും	രൂപ **43,30,800/-**	രൂപ **4,33,080/-**	[illegible]
17.	വായ്പക്കാരൻ **ശ്രീ. സുധാബിന്ദു എം എ** (Expired), പതിക്കൽ ഹൗസ്, ഇലഞ്ഞി പി ഒ, കൂത്താട്ടുകുളം 686665 ജാമ്യക്കാരായ 1. **ശ്രീമതി ശ്യാമള** സുധാബിന്ദു, (Suerty and legal Heir of Sudha Bindhu), പതിക്കൽ ഹൗസ്, ഇലഞ്ഞി പി ഒ, കൂത്താട്ടുകുളം - 686665. 2. **ശ്രീ. അജയ് ബി**, (Suerty and legal Heir of Sudha Bindhu), പതിക്കൽ ഹൗസ്, ഇലഞ്ഞി പി ഒ, കൂത്താട്ടുകുളം - 686665. 3. **ശ്രീ. ആനന്ദ് ബി**, (legal Heir of Sudha Bindhu), പതിക്കൽ ഹൗസ്, ഇലഞ്ഞി പി ഒ, കൂത്താട്ടുകുളം - 686665. 4. ശ്രീമതി അമൃത ബി, (legal Heir of Sudha Bindhu), പതിക്കൽ ഹൗസ്, ഇലഞ്ഞി പി ഒ, കൂത്താട്ടുകുളം 686665.	**കൂത്താട്ടുകുളം** 141960322000411	05-10-2026 ലെ **26,97,243/-** രൂപയും തുടർന്ന് 06-10-2026 മുതലുള്ള പലിശയും മറ്റു ചെലവുകളും	രൂപ **34,82,500/-**	രൂപ **3,48,250/-**	[illegible]
18.	വായ്പക്കാരൻ **ശ്രീ. സുധാബിന്ദു എം എ** (Expired), പതിക്കൽ ഹൗസ്, ഇലഞ്ഞി പി ഒ, കൂത്താട്ടുകുളം 686665 ജാമ്യക്കാരായ 1. ശ്രീമതി ശ്യാമള സുധാബിന്ദു, (Suerty and legal Heir of Sudha Bindhu), പതിക്കൽ ഹൗസ്, ഇലഞ്ഞി പി ഒ, കൂത്താട്ടുകുളം - 686665. 2. **ശ്രീ. അജയ് ബി** (Suerty and legal Heir of Sudha Bindhu), പതിക്കൽ ഹൗസ്, ഇലഞ്ഞി പി ഒ, കൂത്താട്ടുകുളം - 686665. 3. **ശ്രീ. സോമൻ എൻ. വി**, നടുവിലേടത്ത് ഹൗസ്, ഇലഞ്ഞി പി.ഒ, ആലപുരം, കൂത്താട്ടുകുളം, പിൻ - 686665. 4. **ശ്രീ. ആനന്ദ് ബി** (legal Heir of Sudha Bindhu), പതിക്കൽ ഹൗസ്, ഇലഞ്ഞി പി ഒ, കൂത്താട്ടുകുളം - 686665. 5. **ശ്രീമതി അമൃത ബി** (legal Heir of Sudha Bindhu), പതിക്കൽ ഹൗസ്, ഇലഞ്ഞി പി ഒ, കൂത്താട്ടുകുളം 686665.	**കൂത്താട്ടുകുളം** 141960356002102	05-10-2026 ലെ **3,94,259/-** രൂപയും തുടർന്ന് 06-10-2026 മുതലുള്ള പലിശയും മറ്റു ചെലവുകളും	രൂപ **34,82,500/-**	രൂപ **3,48,250/-**	[illegible]

ലേല വിൽപനയുടെ വ്യവസ്ഥകളും നിബന്ധനകളും

1. ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ റിസർവ് പ്രൈസ് തുകയുടെ 10% തുക നിരതദ്രവ്യമായി (EMD) കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ പേരിൽ [illegible] 16-11-2026 ന് വൈകിട്ട് 5 മണിക്ക് മുമ്പായി കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ എറണാകുളം ക്രെഡിറ്റ് പ്രൊസസിംഗ് സെന്ററിൽ [illegible] സഹകരണ ബാങ്കിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ എറണാകുളം ക്രെഡിറ്റ് പ്രൊസസിംഗ് സെന്ററിൽ വച്ച് ലേലം വിളിക്കുവാൻ വന്നിട്ടുള്ളവരുടെ സാന്നിധ്യത്തിൽ [illegible] ഹാജരാക്കേണ്ടതാണ്.
2. റിസർവ് പ്രൈസ് തുകയിൽ കുറഞ്ഞ് ലേല വിൽപന നടത്തുന്നതല്ല.
3. ലേലവിൽപന വസ്തുവഹകൾ ഇപ്പോൾ ഇരിക്കുന്ന അതേ അവസ്ഥയിൽ ("As is where is" "As is what is" & "Whatever there is") എന്ന വ്യവസ്ഥയിലും [illegible]
4. [illegible]
5. [illegible] EMD [illegible] 25% [illegible] 15 [illegible]
6. [illegible]
7. [illegible]
8. [illegible] Sec.13(5-A) SARFAESI Act 2002 പ്രകാരം [illegible]
9. പണയ വസ്തുക്കളുടെ ലേല വിൽപന സംബന്ധിച്ച വില (Reseve Price) നിശ്ചയിച്ച് ഉറപ്പിച്ചിട്ടുള്ളതാകുന്നു.
10. [illegible] (0484-2424549, 2424613) [illegible] www.kerala.bank.in [illegible] രാവിലെ 10.00 മുതൽ വൈകിട്ട് 5.00 മണി വരെ വസ്തുവഹകൾ പരിശോധിക്കാവുന്നതാണ്. [illegible]
11. ലേലത്തിന് മുമ്പായി ലേല വസ്തു വഹകളെ സംബന്ധിച്ച എല്ലാ നിജസ്ഥിതികളും ലേലത്തിൽ പങ്കെടുക്കുന്നവർ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്.

സ്ഥലം: എറണാകുളം, തീയതി 06-10-2026

ഒപ്പ്/- അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തൃശ്ശൂർ റീജിയൺ